പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 282 — 22.06.2012 ൽ മറുപടിയ്ക്ക്

## ഭൗമ വിവര ശേഖരണ സംവിധാനം

**ചോദ്യം**
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
പ്രൊഫ.സി. രവീന്ദ്രനാഥ്
ശ്രീ.വി. ശിവൻകുട്ടി
ശ്രീമതി. പി. അയിഷാ പോറ്റി

**ഉത്തരം**
ശ്രീ. മഞ്ഞളാംകുഴി അലി
(ബഹു: മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്തെ പട്ടണങ്ങളുടെയും നഗരങ്ങളുടെയും വികസനത്തിന് ഭൗമ വിവരശേഖരണ സംവിധാനം വികസിപ്പിക്കുന്നതിന് ദേശീയ നഗര വികസന സംവിധാന പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റിൽ നിന്നും 2011-12-ൽ എന്തു തുക ലഭിച്ചു; | എ) കേന്ദ്ര സർക്കാരിൽ നിന്നും തുക ഒന്നും തന്നെ ലഭിച്ചില്ല. |
| ബി) സംസ്ഥാനത്തെ ഏതെല്ലാം പട്ടണങ്ങളിലും നഗരങ്ങളിലുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്; | ബി) കൊല്ലം, ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് എന്നി അഞ്ചു നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ കൊച്ചി നഗരത്തിനു വേണ്ടി യൂട്ടിലിറ്റി മാപ്പിംഗ് (Utility Map) തയ്യാറാക്കി വരുന്നു. |
| സി) പദ്ധതി പ്രകാരമുള്ള സ്ഥല വിവരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ ജോലികൾ ആരെയാണ് ഏല്പിച്ചിരിക്കുന്നത്; | സി) മാപ്പുകൾ തയ്യാറാക്കുന്നതിന് സർവ്വെ ഓഫ് ഇന്ത്യയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കോഴിക്കോട് നഗരത്തിനുള്ള 1:10000 സ്കെയിൽ (1:10000 scale) മാപ്പ് ഒഴികെ സർവെ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാക്കി എല്ലാ |

| | | | |
|---|---|---|---|
| | | | മാപ്പുകളും സ്ഥല പരിശോധന നടത്തി മാറ്റങ്ങൾ ഉൾപ്പെടുത്തി സർവ്വെ ഓഫ് ഇന്ത്യയെ തിരികെ ഏല്പിച്ചു കഴിഞ്ഞു. കൊച്ചി നഗരത്തിനു വേണ്ടിയുള്ള യൂട്ടിലിറ്റി മാപ്പിംഗ് തയ്യാറാക്കി വരുന്നു. |
| ഡി) | പദ്ധതി പ്രകാരമുള്ള സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ശേഖരി-ക്കുന്നതുമായി ബന്ധപ്പെട്ട ജോലി കൾ ഇപ്പോൾ ഏത് ഘട്ടം വരെ-യെത്തി; വ്യക്തമാക്കാമോ; | ഡി) | സാമൂഹ്യ-സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിച്ച് 22.05.2010 ൽ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഗനൈസേഷന് നൽകിയിട്ടുണ്ട്. |
| ഇ) | പദ്ധതി സംസ്ഥാനത്തെ മറ്റു പട്ടണങ്ങളിലും നഗരങ്ങളിലുംകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിഗണി-ക്കുമോ? | ഇ) | ഇത് കേന്ദ്ര സർക്കാർ നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്. |

സെക്ഷൻ ഓഫീസർ